**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4555** 25-06-2019 -ൽ മറുപടിക്ക്

## ആലുവ മണ്ഡലത്തിലെ കർഷകർക്കും കച്ചവടക്കാർക്കും നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ആലുവ മണ്ഡലത്തിൽ പ്രളയം മൂലം ജീവനോപാധി തന്നെ നഷ്ടപ്പെട്ട കർഷകർക്കും കച്ചവടക്കാർക്കും നഷ്ടപരിഹാരം നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആലുവ മണ്ഡലത്തിൽ പ്രളയം മൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര ഇനത്തിൽ നിലവിൽ 4,20,49,041/- (നാല് കോടി ഇരുപതു ലക്ഷത്തി നാൽപ്പത്തൊമ്പതിനായിരത്തി നാല്പത്തിയൊന്ന് രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത മണ്ഡലത്തിൽ റോഡ് പുറമ്പോക്കിലും മറ്റ് പുറമ്പോക്ക സ്ഥലങ്ങളിലും താമസിക്കുന്ന പ്രളയ ബാധിതർക്ക് പുതിയ ഭവനം നിർമ്മിച്ച് നൽകുവാൻ പ്രളയാനന്തര പദ്ധതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | ബി) | ആലുവ താലൂക്കിൽ പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ച 22 വീടുകൾ പ്രളയത്തിൽ തകർന്നിരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിന് താലൂക്ക് പരിധിയിൽ റവന്യൂ പുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് താമസിക്കുന്നതിന് സമ്മതപത്രം ഹാജരാക്കുന്നവർക്ക് ഭവനം നിർമ്മിച്ചു നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ